**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2289** **05-02-2026 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | പ്രതികൂലമായ കാലാവസ്ഥയും തുടർച്ചയായ കീടശല്യവും മൂലം കോട്ടയം ജില്ലയിലെ പടിഞ്ഞാറൻ മേഖലകളിൽ കർഷകർ കൊയ്തെടുത്ത നെല്ലിന്റെ വലിയൊരു ഭാഗം ഇപ്പോഴും പാടങ്ങളിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യം പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (എ) | പ്രതികൂല കാലാവസ്ഥയും മണ്ണിന്റെ അമ്ലത്വവും തുടർച്ചയായ കീടശല്യവും മൂലം കോട്ടയം ജില്ലയിലെ പടിഞ്ഞാറൻ മേഖലകളിൽ കർഷകർ കൊയ്തെടുത്ത നെല്ലിന്റെ ഗുണമേന്മയിൽ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ നിന്നും വൻ രീതിയിലുള്ള വ്യത്യാസങ്ങൾ കണ്ടുവരുന്നു. എന്നിരുന്നാലും പാടങ്ങളിൽ നെല്ല് കെട്ടിക്കിടക്കാതെ ക്വാളിറ്റി ചെക്ക് ചെയ്ത് എല്ലാംതന്നെ സംഭരിച്ചിട്ടുണ്ട്. കൃഷി വകുപ്പ് മുഖേന കാർഷിക യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ നെല്ലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ചെയ്താൽ നിലവിലുള്ള സാഹചര്യത്തിന് മാറ്റം വരുത്താൻ സാധിക്കും. |
| (ബി) | വെച്ചൂർ ദേവസ്വംകരി പാടത്ത് 168 ഏക്കറിൽ നിന്ന് ലഭിച്ച 25 ടൺ നെല്ലിന് ഈർപ്പത്തിന്റെ പേരിൽ ക്വിന്റലിന് 25 കിലോഗ്രാം വരെ കിഴിവ് ആവശ്യപ്പെടുന്ന മില്ലുകാരുടെ നടപടി അംഗീകരിക്കുന്നുണ്ടോ; ഇത്തരത്തിൽ അമിത കിഴിവുകൾ ആവശ്യപ്പെടുന്നത് നിയന്ത്രിക്കാൻ ഇടപെടൽ നടത്തുമോ; വിശദമാക്കാമോ; | (ബി) | **വെച്ചൂർ ദേവസ്വംകരി പാടത്ത് 168 ഏക്കറിൽ നിന്ന് ലഭിച്ച നെല്ല് കഴിഞ്ഞ രണ്ടാംവിള സീസണിൽ 25 കിലോ വരെ കിഴിവ് ആവശ്യപ്പെടുന്ന സാഹചര്യം ഉണ്ടായിരുന്നു. കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് നെല്ല് സംഭരണം നടത്തുന്നത്. ഈ പാടശേഖരത്തിൽ ഗുണമേന്മാ മാനദണ്ഡങ്ങളിൽ നിന്നും വളരെയധികം വ്യത്യാസമായിട്ടാണ് ക്വാളിറ്റി ചെക്ക് ചെയ്തപ്പോൾ ലഭിച്ചത്. ജൈവം/അജൈവം - 1.08%, കേടായത്, മുളച്ചത്, കീടബാധയേറ്റത്, നിറം മാറിയത് - 6.98%, പാകമാകാത്തതും ചുരുങ്ങിയതും - 28.96%, ഈർപ്പം - 16% എന്നിങ്ങനെയാണ് റിസൾട്ട് ലഭിച്ചത്. അമിത കിഴിവുകൾ മില്ലുകാർ ആവശ്യപ്പെടുന്നത് നിയന്ത്രിക്കാൻ അത്തരം പാടങ്ങളിൽ പാഡി മാർക്കറ്റിംഗ് ഓഫീസർ, കൃഷി ഓഫീസർ, പാടശേഖര ഭാരവാഹികൾ, മില്ലിന്റെ പ്രതിനിധി എന്നിവരുടെ സാന്നിധ്യത്തിൽ നെല്ലിന്റെ ക്വാളിറ്റി ചെക്ക് ചെയ്യുകയും അത് പ്രകാരം സംഭരണം നടത്തുകയും ചെയ്യുന്നു.** |

| | | | |
|---|---|---|---|
| (സി) | നെല്ലിന്റെ ഗുണനിലവാര പരിശോധനയിൽ ഉദ്യോഗസ്ഥർ മില്ലുകാർക്ക് അനുകൂലമായി ക്രമക്കേട് കാണിക്കുന്നതായി കർഷകർ ഉന്നയിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിന്മേൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | നെല്ലിന്റെ ഗുണനിലവാര പരിശോധനയിൽ ഉദ്യോഗസ്ഥർ മില്ലുകാർക്ക് അനുകൂലമായി ക്രമക്കേട് കാണിക്കുന്നതായി മതിയായ രേഖകൾ സഹിതം ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | ഏക്കറിന് ഏകദേശം മുപ്പത്തി അയ്യായിരം രൂപ ചെലവഴിച്ച് രണ്ടാം കൃഷിയിറക്കി വിളയിച്ച നെല്ല് കിഴിവിന്റെ പേരിൽ വാങ്ങാതിരിക്കുന്ന സാഹചര്യത്തിൽ കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ അവ പരിഹരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | (ഡി) | നെല്ല് സംഭരണം കേന്ദ്ര പദ്ധതി ആ യതിനാൽ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്ന നെല്ല് (FAQ)സംഭരിച്ച് ആയത് സംസ്കരിച്ച് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്ന അരി തിരികെ തരണം എന്ന വ്യവസ്ഥയിലാണ് സപ്ലൈകോ മില്ലുകളുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. നെല്ലിന്റെ ഗുണമേന്മ സംബന്ധിച്ച് ശാസ്ത്രീയമായി പരിശോധന നടത്തി ഗുണപരിശോധനാ ഫലം മില്ലുകളെയും കർഷകരെയും ധരിപ്പിക്കുകയും അത്തരത്തിൽ<br><br>മില്ലുകൾ കിഴിവിന്റെ പേരിൽ കർഷകരെ ചൂഷണം ചെയ്യുന്നില്ലെന്ന് സപ്ലൈകോ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. നെല്ലിന്റെ ഗുണനിലവാര പരിശോധനയ്ക്കായി പ്രത്യേക പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരെയാണ് സപ്ലൈകോ നിയോഗിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാരത്തിലുള്ള നെല്ല് സംഭരിക്കണമെന്ന് മില്ലുകളുമായിട്ടുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഗുണമേന്മാ ശോഷണം സംഭവിച്ച നെല്ല് സംഭരിക്കണമെന്ന് മില്ലുകൾക്ക് നിർദ്ദേശം നൽകുവാൻ സപ്ലൈകോയ്ക്ക് നിയമപരമായി തടസ്സങ്ങൾ ഉണ്ട്. ഗുണനിലവാരമുള്ള നെല്ല് (FAQ) സംഭരിക്കുമ്പോൾ കിഴിവ് എന്ന രീതി ഒരു കാരണവശാലും സപ്ലൈകോ അനുവർത്തിക്കാറില്ല |

സെക്ഷൻ ഓഫീസർ